22-04-2023

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–22/04/2023.

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷികബ്ലോക്ക് കൃഷി ദർശൻ പരിപാടി ഹരിപ്പാട് ഗവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഈ മാസം 25 മുതൽ 29 വരെ തീയതികളിൽ സംഘടിപ്പിച്ചിരിക്കുന്നു. കൃഷി ശാസ്ത്രത്തിലെ പുത്തൻ അറിവുകളും സങ്കേതങ്ങളും പകർന്നു നൽകാൻ മൂല്യ വർദ്ധനവിലൂടെ ഓരോ കർഷകനേയും ഓരോ കർഷക സംരംഭകരാക്കുവാൻ "കൃഷി ദർശൻ" സഹായിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ചു കാർഷിക പ്രദർശനം, കാർഷിക വിജ്ഞാന വ്യാപനം, കാർഷികസെമിനാർ, കൃഷിയിട സന്ദർശനവും കർഷക അദാലത്ത്, കൃഷികൂട്ട സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. കർഷകർക്ക് ബാങ്ക് വായ്പാർഹമായ തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് ഡി പി ആർ ക്ലിനിക്കും കർഷകർക്ക് വിപണന സാധ്യതകൾ സുഗമമാക്കുന്നതിന്റെ ഭാഗമായി ബി2ബി മീറ്റും കൃഷിദർശനിലൂടെ സാധിക്കും. കാർഷിക പ്രദർശന ഉദ്ഘാടനം ഏപ്രിൽ 25ന് രാവിലെ 10 മണിക്ക് ഹരിപ്പാട് മുൻസിപ്പൽ ചെയർമാൻ കെ എം രാജുവിന്റെ അധ്യക്ഷതയിൽ ഹരിപ്പാട് എം എൽ എ രമേശ് ചെന്നിത്തല നിർവഹിക്കുന്നു. ബി പി കെ പി കിസാൻ മേളയുടെ ഉദ്ഘാടനം കുട്ടനാട് എം എൽ എ തോമസ് .കെ .തോമസ് നിർവഹിക്കും. പ്രസ്തുത പരിപാടിയുടെ സമാപന ദിവസം കൃഷികൂട്ടസംഗമം നടത്തപ്പെടുന്നു. തുടർന്നുള്ള പൊതുസമ്മേളനം ഹരിപ്പാട് എം.എൽ.എ രമേശ് ചെന്നിത്തല അവർകളുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കും.

2. തൃശ്ശൂർ പൂരം പ്രദർശനത്തിലെ കാർഷിക സർവകലാശാല പവലിയൻ വൈസ് ചാൻസിലർ ഡോ. ബി. അശോക് ഐ എ എസ് ഉദ്ഘാടനം ചെയ്തു. കാർഷിക സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വിവിധ സ്റ്റാളുകൾ ഉള്ള പവലിയനിൽ സർവകലാശാല വികസിപ്പിച്ച 15 കൊക്കോയിനങ്ങൾ, പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രം വികസിപ്പിച്ച 62 നെല്ലിനങ്ങൾ, ജാതിക്കയുടെ പരിപ്പ് എടുക്കുന്ന യന്ത്രം, കറുത്ത കുരുമുളകിനെ വെള്ള കുരുമുളകാക്കുന്ന യന്ത്രം ,കോക്കനട്ട് ഗ്രേഡർ, തൈ നടുന്ന ഉപകരണം, വാഴക്കുല പൊതിയാൻ ഉള്ള ഉപകരണം തുടങ്ങി കാർഷിക അധ്വാനം ലഘൂകരിക്കുന്ന വിവിധ യന്ത്രങ്ങൾ, തെങ്ങിൻതടി ഉപയോഗിച്ച് നിർമ്മിച്ച മേശ ,കസേര മുതലായ വിവിധ ഗാർഹിക ഉപകരണങ്ങൾ അടക്കം ഉൾപ്പെടുന്ന മൂല്യ വർധിത ഉത്പന്നങ്ങൾ തുടങ്ങിയവ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രദർശനത്തിനുണ്ട് .ഒരു വാഴക്കന്നിൽ നിന്നും മൂന്നുമാസം കൊണ്ട് 30 തൈകൾ മാതൃ സസ്യത്തിന്റെ ഗുണമേന്മ നഷ്ടപ്പെടാതെ ഉത്പാദിപ്പിക്കുന്ന മാക്രോപ്രഗേഷൻ സാങ്കേതികവിദ്യ, പാഴാക്കിക്കളയുന്ന കശുമാങ്ങ സംസ്കരിച്ച് വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ തുടങ്ങി നിരവധി പുത്തൻ രീതികൾ പ്രദർശനം പരിചയപ്പെടുത്തുന്നു. കാർഷിക സർവ്വകലാശാലയിൽ ഉൽപാദിപ്പിച്ച വിവിധയിനം തൈകൾ ,ചോക്ലേറ്റുകൾ ജാം, സ്ക്വാഷ് തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, സർവകലാശാല പ്രസിദ്ധീകരണങ്ങൾ, കീട നിയന്ത്രണ ഉപാധികൾ, ജൈവവളങ്ങൾ, വിദ്യാർത്ഥികൾ നിർമ്മിച്ച അലങ്കാര വസ്തുക്കൾ തുടങ്ങിയവ പ്രദർശന നഗരിയിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. സർവകലാശാല നടത്തുന്ന വിവിധ സംരംഭകത്വ പരിശീലന പരിപാടികളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും പവലിയനിൽ ലഭ്യമാണ്.

3. ആലപ്പുഴ ബീച്ചിൽ വെച്ച് ഏപ്രിൽ 17 മുതൽ 23 വരെ നടക്കുന്ന എന്റെ കേരളം-2023 പ്രദർശന വിപണന മേളയിൽ മണ്ണ് പര്യവേ ക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്. താൽപ്പര്യമുള്ള കർഷകർ തണലത്തിട്ടുണക്കിയ കുറഞ്ഞത് അരകിലോ ഉള്ള മണ്ണ് സാമ്പിളുകൾ സ്റ്റാളിൽ എത്തിക്കണമെന്ന് ജില്ലാ മണ്ണ് പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ആലപ്പുഴ, സോയിൽ സർവേ മേഖലാ മണ്ണ് പരിശോധനാ കേന്ദ്രത്തിൽ മണ്ണ് പരിശോധനയ്ക്കു ശേഷം പരിശോധ നാഫലവും അതിനനുസൃതമായി ഓരോ വിളകൾക്കും ഉള്ള വളപ്രയോഗ ശുപാർശകളും പിന്നീട് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477-2236293 എന്ന ഫോൺ നമ്പറുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം തയ്യാറാക്കിയ "രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള അടുത്ത ബാച്ച് 2023 മെയ് 2 ന് തുടങ്ങുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഈ കോഴ്സിൽ അംഗത്വം നേടുന്നതിനായി 2023 മെയ് 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ്

പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടറിൻറെയോ മൊബൈൽ ഫോണിൻറെയോ(സ്മാർട്ട് ഫോൺ) സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. കോഴ്സിൻറെ ഭാഗമായി നടത്തുന്ന പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് മെയ് 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

5. മലമ്പുഴ മൃഗ സംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 27-ന് (27/04/2023) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188622713, 0491-2815454 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്

**കാർഷിക നിർദ്ദേശങ്ങൾ**

6.ചൂടുകൂടിയ അന്തരീക്ഷസ്ഥിതി തുടരുന്നകാരണം വാഴയിൽ മണ്ഡരി രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ പ്രതിരോധിക്കാനായി 3 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക.

വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. അല്ലെങ്കിൽ ബ്ലീച്ചിങ് പൗഡർ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ വാഴയുടെ ചുറ്റിലും ഒഴിച്ച് കൊടുക്കുക. രോഗം കൂടിവരുന്ന സാഹചര്യത്തിൽ കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം / ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക.